## 'ലുംഗി' ഇല്ലാതെ ചെന്നൈ

ചെന്നൈ : ഐ.പി.എല്ലിൽ നിലവിലെ ചാമ്പ്യൻമാരായ ചെന്നൈയുടെ നിരയിൽ ഇക്കുറി ദക്ഷിണാഫ്രിക്കൻ പേസർ ലുംഗി എൻഗിഡി ഉണ്ടാവില്ല. ശ്രീലങ്കയ്ക്കെതിരായ ഏകദിന പരമ്പരയ്ക്കിടെ പരിക്കേറ്റതിനാലാണ് എൻഗിഡി ഐ.പി.എല്ലിൽ നിന്ന് പിൻമാറിയത്.







## ജർമ്മനിക്ക് സമനില

ബെർലിൻ : കഴിഞ്ഞ ലോകകപ്പിലെ ദാരുണമായ തോൽവിക്ക് ശേഷം പുതിയ തുടക്കം തേടിയെത്തിയ ജർമ്മൻ ഫുട്ബാൾ ടീമിന് അന്താരാഷ്ട്ര സൗഹൃദ മത്സരത്തിൽ സമനില. സെർബിയയാണ് 1-1 ന് ജർമ്മനിയെ തളച്ചത്. 12-ാം മിനിട്ടിൽ ജോവിച്ചിലൂടെ സെർബിയയാണ് മത്സരത്തിലെ ആദ്യഗോൾ നേടിയത്. എന്നാൽ 69-ാം മിനിട്ടിൽ ഗോരേസ്കെ ജർമ്മനിക്ക് സമനില സമ്മാനിക്കുകയായിരുന്നു. ജർമ്മൻ സ്ട്രൈക്കർ ലെറോയ് സാനേയെ ഫൗൾ ചെയ്തതിന് സെർബിയയുടെ പാവ്‌കോവ് അവസാന സമയത്ത് ചുവപ്പുകാർഡ് കണ്ട് പുറത്തായി. മറ്റൊരു മത്സരത്തിൽ വേൽസ് 1-0 ത്തിന് ട്രിനിഡാഡ് ആൻഡ് ടുബാഗോയെ കീഴടക്കി.

### ഇന്നത്തെ പ്രധാന മത്സരങ്ങൾ

അമേരിക്ക Vs ഇക്വഡോർ
ജപ്പാൻ Vs കൊളംബിയ
ദക്ഷിണ കൊറിയ Vs ബൊളീവിയ
അർജന്റീന Vs വെനിസ്വേല



## ലോകകപ്പിന് 8000 പേരുടെ ഭാരത് ആർമി

ലണ്ടൻ : ഇംഗ്ലണ്ടിൽ നടക്കുന്ന ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യൻ ടീമിന് ആവേശം പകരാൻ 8000 പേരടങ്ങുന്ന ഭാരത് ആർമിയെന്ന ഫാൻസ് സംഘമുണ്ടാകും. ഇന്ത്യയുടെ എല്ലാ മത്സരങ്ങൾക്കും ഭാരത് ആർമി തങ്ങളുടെ ടിക്കറ്റുകൾ സ്വന്തമാക്കിക്കഴിഞ്ഞതായി ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ അറിയിച്ചു. വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന ഇന്ത്യക്കാരാണ് ഭാരത് ആർമിയുടെ ബാനറിൽ ഇംഗ്ലണ്ടിലെത്തുക.

## പെർസോണ് വിലക്ക്

ലണ്ടൻ : വാതുവയ്പ്പുമായി ബന്ധപ്പെട്ട് ഡെൻമാർക്ക് താരം യൊവാക്വിം പെർസോണിനെ 18 മാസത്തേക്ക് വിലക്കിയതായി ബാഡ്മിന്റൺ വേൾഡ് ഫെഡറേഷൻ അറിയിച്ചു.

## പ്രൈസ് മണി വർദ്ധിപ്പിച്ചു

പാരീസ്: ഫ്രഞ്ച് ഓപ്പൺ ഗ്രാൻസ്ലാം ടെന്നിസ് ടൂർണമെന്റിൽ പ്രൈസ് മണിയിൽ ഈവർഷം എട്ട് ശതമാനം വർദ്ധനയുണ്ടാകും. പുരുഷ-വനിതാ സിംഗിൾസ് ചാമ്പ്യൻമാർക്ക് സമ്മാനമായി 23 ലക്ഷം യൂറോ (17 കോടിയോളം രൂപ) ലഭിക്കും.

## കേരളാ നെറ്റ്ബാൾ ടീം

തിരുവനന്തപുരം: ബാംഗ്ലൂരിൽ നടക്കുന്ന 36-ാമത് ദേശീയ നെറ്റ്ബാൾ ചാമ്പ്യൻഷിപ്പിനുള്ള കേരള ടീമുകളെ പ്രഖ്യാപിച്ചു. എൽ.എൻ.സി.പി.ഇയിൽ നടന്ന കോച്ചിംഗ് ക്യാമ്പിൽ നിന്നാണ് ടീമിനെ സെലക്ട് ചെയ്തത്. വനിതാ ടീമിനെ കോഴിക്കോടിന്റെ അംലയും പുരുഷ ടീമിനെ എറണാകുളത്തിന്റെ മെറിൻ ജോസും നയിക്കും. 23 മുതൽ 26 വരെയാണ് മത്സരം നടക്കുന്നത്.




## ടീമുടമകളുടെ തെറ്റിന് കളിക്കാർ എന്തുപിഴച്ചു?

ന്യൂഡൽഹി : 2013 ൽ ഇന്ത്യൻ ക്രിക്കറ്റിനെ പിടിച്ചുകുലുക്കിയ ഐ.പി.എൽ സ്പോട്ട് ഫിക്സിംഗിനെക്കുറിച്ച് ചെന്നൈ സൂപ്പർ കിംഗ്സ് നായകൻ മഹേന്ദ്രസിംഗ് ധോണി ആദ്യമായി പരസ്യപ്രതികരണം നടത്തി. 'റോർ ഒഫ് ദ ലയൺ' എന്ന ഡോക്യുമെന്ററിയിലാണ് ധോണി തന്നെ ഏറെ പിടിച്ചുലച്ച സംഭവമെന്ന നിലയിൽ സ്പോട്ട് ഫിക്സിംഗിനെക്കുറിച്ചും ചെന്നൈ സൂപ്പർ കിംഗ്സിനെ രണ്ടുവർഷത്തേക്ക് വിലക്കിയതിനെക്കുറിച്ചുമൊക്കെ സംസാരിക്കുന്നത്. ആസമയത്ത് താൻ കടന്നുപോയ മാനസികാവസ്ഥയെക്കുറിച്ചും ധോണി ഡോക്യുമെന്ററിയിൽ വിശദീകരിക്കുന്നു.

**ധോണിയുടെ തുറന്നുപറച്ചിലിന്റെ പ്രസക്ത ഭാഗങ്ങളിലേക്ക്.**

> *2013 എന്റെ ജീവിതത്തിലെ ഏറ്റവും പ്രയാസമേറിയ കാലഘട്ടമായിരുന്നു. എന്റെ ജീവിതത്തിൽ അതുവരെ അത്രയും നിരാശ നേരിട്ടിട്ടില്ല. 2007 ലെ ലോകകപ്പിൽ ഇന്ത്യ ഗ്രൂപ്പ് സ്റ്റേജ് കടക്കാതെ പുറത്തായതായിരുന്നു അതിനുമുമ്പുള്ള വലിയ സങ്കടം. പക്ഷേ അത് ഞങ്ങൾ നന്നായി കളിക്കാത്തതുകൊണ്ട് സംഭവിച്ചതാണ്. പക്ഷേ സ്പോട്ട് ഫിക്സിംഗിൽ ആരോപിതനായത് എന്ത് തെറ്റ് ചെയ്തിട്ടാണെന്ന് ഇനിയും മനസിലായിട്ടില്ല.*

> *ശിക്ഷയുണ്ടാകുമെന്ന് ഞങ്ങൾക്ക് ഉറപ്പായിരുന്നു. പക്ഷേ എന്ത് ശിക്ഷയാണ് വരാൻപോകുന്നതെന്നതിലായിരുന്നു ആശങ്ക മുഴുവൻ. ഗുരുനാഥ് മെയ്യപ്പൻ ടീം മാനേജ്മെന്റിന്റെ ഭാഗമായിരുന്നു എന്നത് ശരിയാണ്. എന്നാൽ ഗുരു ടീമുടമയാണെന്നത് ശരിയല്ല. എൻ. ശ്രീനിവാസന്റെ മരുമകൻ എന്ന നിലയിലായിരുന്നു കളിക്കാരുമായിട്ടുള്ള ബന്ധം.*

> *ഞങ്ങളുടെ ഫ്രാഞ്ചൈസിയുടെ ഭാഗത്ത് തെറ്റുണ്ടായിരുന്നു എന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ ഞങ്ങൾ കളിക്കാർ എന്തുതെറ്റാണ് ചെയ്തത്? ടീമുടമകളുടെ തെറ്റിന് കളിക്കാർ തെറ്റ് ചെയ്തതുപോലെയാണ് വാർത്തകൾ വന്നത്. ഒത്തുകളിക്കാരുടെ ലിസ്റ്റിൽ പലരും എന്റെ പേരും ചേർത്തു.*

> *ഞാൻ മാനസികമായി ശക്തനാണെന്ന തോന്നൽ മറ്റുള്ളവർക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആരും എന്താണ് സംഭവിച്ചതെന്ന് ചോദിക്കാനോ എന്നെ ആശ്വസിപ്പിക്കാനോ ഉണ്ടായിരുന്നില്ല.*

> *കൊലപാതകം നടത്തുന്നതിനെക്കാൾ വലിയ തെറ്റായി ഞാൻ കരുതുന്നത് ക്രിക്കറ്റിനെ വഞ്ചിക്കുന്നതാണ്. അത് ചെയ്യാൻ എനിക്കൊരിക്കലും കഴിയില്ല.*

# ഐ.പി.എൽ തീ നാളെ തെളിയും

## ഉദിക്കട്ടെ, ഹൈദരാബാദ് സൂര്യൻ

**വി.വി.എസ് ലക്ഷ്മണനും മുത്തയ്യ മുരളീധരനും ടോം മൂഡിയും പിന്നണിയിൽ കേൻ വില്യംസണും മാർട്ടിൻ ഗപ്ടിലും ഭുവനേശ്വർ കുമാറും യൂസഫ് പഠാനും ബേസിൽ തമ്പിയും ഷാക്കിബ് അൽഹസനുമൊക്കെ മുന്നണിയിൽ. വിലക്കിന്റെ കാലദോഷം മായ്ച്ചുകളഞ്ഞ് മുൻ നായകൻ ഡേവിഡ് വാർണറും കൂടിയെത്തുമ്പോൾ ഈ ഐ.പി.എല്ലിലെ ഏറ്റവും ശക്തമായ ടീമുകളിലൊന്നാണ് സൺറൈസേഴ്സ് ഹൈദരാബാദ്.**

> *ഞങ്ങളുടെ ടീമിൽ സൂപ്പർസ്റ്റാർ സംസ്കാരമില്ല. എല്ലാ കളിക്കാരും അവരുടെ മികച്ചപ്രകടനം പുറത്തെടുത്ത് ടീമിന്റെ വിജയമാണ് ആഗ്രഹിക്കുന്നത്.*
>
> **- വി.വി.എസ്. ലക്ഷ്മൺ**
> **സൺറൈസേഴ്സ് മെന്റർ**

### ■ ടീം ഹിസ്റ്ററി

2013 ൽ കുമാർ സംഗക്കാരയുടെ ക്യാപ്ടൻസിയിൽ രംഗപ്രവേശം നടത്തിയപ്പോൾ നാലാം സ്ഥാനക്കാരായി പ്ലേ ഓഫിലെത്തി പുറത്തായി. തുടർന്നുള്ള രണ്ട് സീസണുകളിലും ആറാം സ്ഥാനക്കാർ. എന്നാൽ 2016 ൽ വാർണർ ഐ.പി.എൽ കിരീടം ഹൈദരാബാദിലെത്തിച്ചു. 2017 ൽ പ്ലേ ഓഫിലെത്തി. കഴിഞ്ഞ സീസൺ ഫൈനലിൽ ചെന്നൈ സൂപ്പർ കിംഗ്സിനോട് തോൽവി.

### ■ കരുത്തും ദൗർബല്യവും

- കേൻ വില്യംസൺ എന്ന മികച്ച നായകനാണ് സൺറൈസേഴ്സിന്റെ ശക്തി.
- പരിചയ സമ്പന്നരായ താരങ്ങൾ സൺറൈസേഴ്സിന്റെ നട്ടെല്ലാണ്. ഷാക്കിബ് അൽഹസൻ, യൂസഫ് പഠാൻ, ഡേവിഡ് വാർണർ, ഗപ്ടിൽ, ഭുവനേശ്വർ കുമാർ തുടങ്ങിയവരുടെ അനുഭവസമ്പത്ത് ടീമിന് ഊർജമേകുന്നു.
- മികച്ച യുവതാരങ്ങളെയും സൺറൈസേഴ്സിന്റെ പ്രത്യേകതയാണ്. സ്പിന്നർ റാഷിദ്ഖാൻ, പേസർ ബേസിൽ തമ്പി, മുഹമ്മദ് നബി, സിദ്ധാർത്ഥ് കൗൾ, ഖലീൽ അഹമ്മദ് തുടങ്ങിയവരൊക്കെ സൺറൈസേഴ്സ് നൽകിയ അവസരങ്ങളിലൂടെയാണ് ശ്രദ്ധേയരായത്.
- വിജയ് ശങ്കർ, ജോണി ബെയർ സ്റ്റോ എന്നിവരുടെ സാന്നിദ്ധ്യം ഈ സീസിൽ കൂടുതൽ ശക്തി പകരും.
- മികച്ച പ്രകടനം തുടരുന്നതിനിടയിലെ ദാരുണ പരാജയങ്ങളാണ് സൺറൈസേഴ്സിന്റെ ദൗർബല്യം.
- കഴിഞ്ഞ സീസണിൽ ബൗളിംഗിലൂടെയാണ് കൂടുതൽ വിജയങ്ങൾ നേടിയതും. ബാറ്റിംഗിൽ വാർണറുടെ ഫോം നിർണായകമാകും.


വാർണർ

### ■ മലയാളിത്തിളക്കം

ബേസിൽ തമ്പിയെ ദേശീയ തലത്തിൽ ശ്രദ്ധേയനാക്കിയത് സൺറൈസേഴ്സിനുവേണ്ടിയുള്ള മികച്ച പ്രകടനമാണ്. ബേസിലിന്റെ യോർക്കറുകൾ എതിരാളികളുടെ പേടി സ്വപ്നമാണ്. സൺറൈസേഴ്സിന്റെ പരിശീലന ക്യാമ്പിൽ മികച്ച ആത്മവിശ്വാസത്തിലാണ് ബേസിൽ.

### ■ സപ്പോർട്ടിംഗ് സ്റ്റാഫ്

**ഹെഡ് കോച്ച്: ടോം മൂഡി**
**ബൗളിംഗ് കോച്ച്: മുത്തയ്യ മുരളീധരൻ**
**മെന്റർ: വി.വി.എസ്. ലക്ഷ്മൺ**

**ഹൈദരാബാദ് Vs കൊൽക്കത്ത**
**മത്സരം മാർച്ച് 24ന്**

## ജ്വലിക്കട്ടെ കൊൽക്കത്ത


കൊൽക്കത്ത ക്യാപ്ടൻ ദിനേഷ് കാർത്തിക്

രണ്ടുതവണ ഐ.പി.എൽ കിരീടം നേടിയിട്ടുള്ള കൊൽക്കത്ത നൈറ്റ്റൈഡേഴ്സിനെ കഴിഞ്ഞ മൂന്ന് സീസണുകളായി പ്ലേ ഓഫിലെത്തി പടം മടക്കുന്നത് ശീലമാക്കിയവരാണ്. 2012 ൽ ചെന്നൈയെയും 2014 ൽ പഞ്ചാബ് കിംഗ്സിനെയും ഫൈനലിൽ തോൽപ്പിച്ചാണ് ഷാറൂഖ്ഖാന്റെ ടീം കിരീടം നേടിയത്. 2015 ൽ പ്ലേ ഒഫ് കടക്കാനാകാതെ മടങ്ങി. 2016 ൽ എലിമിനേറ്ററിൽ പുറത്തായി. 2017 ലും 18 ലും എലിമിനേറ്ററിൽ വിജയിച്ചെങ്കിലും രണ്ടാം ക്വാളിഫയറിൽ തോറ്റു.

ഇക്കുറി കിരീടം തിരിച്ചുപിടിക്കുക തന്നെയാണ് ലക്ഷ്യം. ഇന്ത്യൻ വിക്കറ്റ് കീപ്പർ ദിനേഷ് കാർത്തിക്കാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ഇക്കുറിയും നയിക്കുന്നത്. ജാക് കാലിസാണ് മുഖ്യപരിശീലകൻ. സൈമൺ കാറ്റിച്ച് സഹപരിശീലകൻ

### ■ കരീബിയൻ കരുത്ത്

വിൻഡീസ് താരങ്ങളാണ് കഴിഞ്ഞ സീസണുകളിൽ കൊൽക്കത്തയുടെ കുന്തമുനകൾ. 2012 മുതൽ മാന്ത്രിക സ്പിന്നർ സുനിൽ നരെയ്ൻ ടീമിലുണ്ട്. ആന്ദ്രേ റസൽ, കാർലോസ് ബ്രാത്ത് വെയ്റ്റ് എന്നിവരും ടീമിലെ ചിരപരിചിതർ.

### ■ ഉത്തമൻ ഉത്തപ്പ

2014 ലാണ് ഉത്തപ്പ കൊൽക്കത്തയിലെത്തിയത്. തുടർന്നുള്ള എല്ലാസീസണുകളിലും മികച്ച പ്രകടനം. ഐ.പി.എല്ലിൽ ഏറ്റവും കൂടുതൽ അനുഭവസമ്പത്തുള്ള കളിക്കാരിൽ ഒരാൾ.

### ■ ശുഭ വാർത്ത

1.8 കോടിരൂപ മുടക്കി ഇന്ത്യൻ കൗമാരപ്രതിഭ ശുഭ്മാൻ ഗില്ലിനെ കൊൽക്കത്ത നിലനിറുത്തിയിട്ടുണ്ട്. ഉറച്ചുനിന്ന് ബാറ്റ് ചെയ്യാൻ കഴിവുള്ള ബാറ്റ്സ്മാൻ എന്ന ലേബലാണ് ഗില്ലിനുള്ളത്. ഇന്ത്യൻ സ്പിന്നർ കുൽദീപ് യാദവും ബ്രഹ്മാസ്ത്രമാണ്.

### ■ മലയാളിത്തിളക്കം

പകരക്കാരനായാണ് വിളിയെത്തിയതെങ്കിലും മലയാളി പേസർ സദീപ് വാര്യർ ഇക്കുറി ഉറച്ച പ്രതീക്ഷയിലാണ്. രഞ്ജി, വിജയ് ഹസാരെ സെയ്ദ് മുഷ്താഖ് അലി ട്രോഫികളിലെ മികച്ചപ്രകടനം ഐ.പി.എല്ലിലും ആവർത്തിക്കാമെന്നാണ് പ്രതീക്ഷ.

## ചെന്നൈയുടെ വരുമാനം സൈനികരുടെ കുടുംബത്തിന്

ചെന്നൈ : നാളെ ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സുമായി നടക്കുന്ന ആദ്യ ഐ.പി.എൽ മത്സരത്തിന്റെ ടിക്കറ്റ് വില്പനയിൽ നിന്നുള്ള വരുമാനം ചെന്നൈ സൂപ്പർ കിംഗ്സ് പുൽവാമ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട സൈനികരുടെ കുടുംബങ്ങൾക്കായി സമർപ്പിക്കും.

## ടിന്റുവിന് ട്രാക്കിൽ നിന്നൊരു ഷോർട്ട് ബ്രേക്ക്

**▸ അൻസാർ എസ്. രാജ്**


ടിന്റു ലൂക്ക

തിരുവനന്തപുരം : പ്രിയ ശിഷ്യ ടിന്റു ലൂക്ക ട്രാക്കിനോട് വിട പറയുകയാണെന്ന വാർത്ത പൂർണമായും ശരിയല്ലെന്ന് പി.ടി. ഉഷ. വ്യക്തിപരമായ കാര്യങ്ങൾക്കായി കുറച്ചുനാൾ മത്സരങ്ങളിൽനിന്ന് മാറിനിൽക്കാനാണ് ടിന്റു തീരുമാനിച്ചിരിക്കുന്നത്. ട്രാക്കിനോട് അന്തിമമായി വിട പറഞ്ഞിട്ടില്ലെന്നും ഉഷ പറഞ്ഞു.

കഴിഞ്ഞ ദിവസം ദേശീയ അത്‌ലറ്റിക്സ് ക്യാമ്പിൽ നിന്ന് ടിന്റുവിന്റെ പേര് പിൻവലിക്കാൻ പരിശീലകയായ ഉഷ അത്‌ലറ്റിക്സ് ഫെഡറേഷൻ ഒഫ് ഇന്ത്യയ്ക്ക് കത്തുനൽകിയിരുന്നു. ഇതോടെയാണ് ടിന്റു കരിയർ അവസാനിപ്പിക്കുകയാണെന്ന് വാർത്ത പരന്നത്.

2002 ൽ പി.ടി. ഉഷ ഉഷ സ്കൂൾ ഒഫ് അത്‌ലറ്റിക്സ് രൂപീകരിച്ചതുമുതൽ ഒപ്പമുള്ള ടിന്റു ഒളിമ്പിക്സിലുൾപ്പെടെ ഇന്ത്യയ്ക്ക് വേണ്ടി മത്സരിച്ചിട്ടുണ്ട്. ദേശീയ ക്യാമ്പിന്റെ പദവിയുള്ള ഉഷ സ്കൂളിൽത്തന്നെയായിരുന്നു ടിന്റുവിന്റെ പരിശീലനവും. കഴിഞ്ഞ മാസം ടിന്റു ഇവിടത്തെ പരിശീലനം അവസാനിപ്പിച്ചിരുന്നു.

രണ്ട് കാരണങ്ങളാണ് ടിന്റു താത്കാലിക ഇടവേളയെടുക്കാൻ വഴിയൊരുക്കിയത്. ഒന്ന്, റെയിൽവേയിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി ടിന്റുവിന് സ്ഥാനക്കയറ്റം ലഭിച്ചു. സേലത്താണ് ജോലി. ഇതോടെ ജോലിയിൽ മുഴുവൻ സമയവും ചെലവിടേണ്ടതുണ്ട്. കഴിഞ്ഞമാസം ജോലിയിൽ ടിന്റു ചാർജെടുത്തു.

രണ്ട്, ടിന്റുവിന് 29 വയസ് കഴിയുന്നു. വീട്ടിൽ വിവാഹാലോചനകൾ വന്നുതുടങ്ങി. കായിക കരിയറിന് ബ്രേക്ക് നൽകി വിവാഹം നടത്താനാണ് വീട്ടുകാരുടെ ആഗ്രഹം. പി.ടി. ഉഷയും ഈ തീരുമാനത്തോട് യോജിക്കുകയായിരുന്നു. വിവാഹശേഷം ഭർത്താവിന്റെ കൂടി താത്പര്യം അറിഞ്ഞായിരിക്കും ട്രാക്കിലേക്കുള്ള മടക്കം.

### ട്രാക്കിലെ ടിന്റു വിസ്മയം

- 17 കൊല്ലം മുമ്പാണ് ഉഷ സ്കൂളിലെ ആദ്യ ബാച്ചുകാരിയായി ഇരിട്ടി വാളത്തോട്ടുനിന്ന് ടിന്റു എത്തുന്നത്.
- ടിന്റുവിന്റെ കഴിവ് തിരിച്ചറിഞ്ഞ് പ്രത്യേക പരിഗണന നൽകിയാണ് പി.ടി. ഉഷ പരിശീലിപ്പിച്ചത്.
- സബ് ജൂനിയർ, ജൂനിയർ ദേശീയ മീറ്റുകളിലൂടെയും സ്കൂൾ മീറ്റുകളിലൂടെയും ടിന്റു വളർച്ചയുടെ പടവുകൾ ഓരോന്നായി ചവിട്ടി.
- 2010 ൽ ഷൈനി വിൽസണിന്റെ 15 വർഷം പഴക്കമുള്ള 800 മീറ്ററിലെ റെക്കാഡ് തകർത്ത് 1 മിനിട്ട് 59.17 സെക്കൻഡിൽ ഫിനിഷ് ചെയ്തതാണ് മികച്ച സമയം.
- ഉഷയുടെ ഒളിമ്പിക് മെഡൽ പ്രതീക്ഷയായിരുന്നു ടിന്റു. രണ്ട് ഒളിമ്പിക്സുകളിൽ പങ്കെടുത്തെങ്കിലും (2012 ലണ്ടൻ, 2016 ലിയോ) മെഡൽ നേടാനായില്ല. എന്നാൽ ഏഷ്യയിൽ നിരവധി മെഡലുകൾ വാരിക്കൂട്ടാൻ ടിന്റുവിന് കഴിഞ്ഞു.
- 2014 ലെ ഇഞ്ചിയോൺ ഏഷ്യൻ ഗെയിംസിൽ 4 x 400 മീറ്റർ റിലേയിൽ സ്വർണം നേടിയ ടീമിൽ അംഗമായിരുന്നു.
- ഇഞ്ചിയോൺ ഏഷ്യൻ ഗെയിംസിൽ 800 മീറ്ററിൽ വെള്ളിയും ഗ്വാങ്ഷു ഏഷ്യൻ ഗെയിംസിൽ ഈയിനത്തിൽ വെങ്കലവും നേടി.
- ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പുകളിൽനിന്ന് ആറ് മെഡലുകൾ നേടിയിട്ടുണ്ട്.



- 2013 പൂനെ ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ 4 x 400 മീറ്റർ റിലേ സ്വർണം.
- 2015 വുഹാൻ ചാമ്പ്യൻഷിപ്പിൽ 800 മീറ്റർ സ്വർണം, റിലേ വെള്ളി. 2011 ലും 2013 ലും 800 മീറ്ററിൽ വെങ്കലം 2011 ൽ റിലേ വെള്ളി.
- 2016 ലെ ഒളിമ്പിക്സിന് ശേഷം പരിക്കുമൂലം അധികം മത്സരങ്ങൾക്ക് ഇറങ്ങാൻ കഴിഞ്ഞില്ല. ജക്കാർത്ത ഏഷ്യൻ ഗെയിംസിലും മത്സരിച്ചില്ല.
- 2008 ൽ ജൂനിയർ ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലെ വെള്ളി മെഡലുമാണ് ടിന്റു അന്താരാഷ്ട്ര അരങ്ങേറ്റം നടത്തിയത്.
- ഡൽഹി കോമൺവെൽത്ത് ഗെയിംസ് ഉൾപ്പെടെയുള്ള മത്സരങ്ങളിൽ ആദ്യലാപ്പിൽ ലീഡ് നേടിയശേഷം പിന്നാക്കം പോയത് ഏറെ വിമർശനങ്ങൾക്ക് ഇടയാക്കിയിരുന്നു.

## ഫെഡറേഷനെതിരെ തേജസ്വിൻ ശങ്കർ



ന്യൂഡൽഹി : തന്നെ ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യൻ ടീമിൽനിന്ന് ഒഴിവാക്കിയ നടപടിക്കെതിരെ ഹൈജമ്പിലെ ദേശീയ റെക്കാഡിനുടമ തേജസ്വിൻ ശങ്കർ. അത്‌ലറ്റിക് ഫെഡറേഷൻ ഒഫ് ഇന്ത്യ ഒരു യോഗ്യത ചാമ്പ്യൻഷിപ്പിലും പങ്കെടുക്കാത്തതാണ് തേജസ്വിനെ ടീമിൽനിന്ന് ഒഴിവാക്കാൻ കാരണം.

തേജസ്വിന് ദോഹയിൽ മെഡൽ നേടാനാകുമെന്ന് കരുതുന്നില്ലെന്ന് എ.എഫ്.ഐ പ്രസിഡന്റ് ആദിൽ സുമരിവാല പറഞ്ഞതാണ് വിവാദമായത്. താൻ മെഡൽ നേടുമെന്നോ ഇല്ലെന്നോ പറയാൻ സുമരിവാലയ്ക്ക് എന്ത് അധികാരമാണുള്ളതെന്ന് തേജസ്വിൻ ട്വിറ്ററിലൂടെ ചോദിച്ചു.

അമേരിക്കയിൽ പരിശീലനം നടത്തുകയാണ് തേജസ്വിൻ. അതിനാലാണ് കഴിഞ്ഞ വാരം നടന്ന ഫെഡറേഷൻ കപ്പിലുൾപ്പെടെ പങ്കെടുക്കാൻ കഴിയാതിരുന്നതെന്ന് തേജസ്വിൻ പറഞ്ഞു.

### ■ ഏഷ്യൻ അത്‌ലറ്റിക്സ്

## 10 മലയാളികൾ ഇന്ത്യൻ ടീമിൽ

ന്യൂഡൽഹി : അടുത്ത മാസം ദോഹയിൽ നടക്കുന്ന ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യൻ ടീമിൽ 10 മലയാളി താരങ്ങൾ ഇടംപിടിച്ചു.

ജിൻസൺ ജോൺസൺ (800, 1500 മീറ്ററുകൾ), എം.പി. ജാബിർ (400 മീറ്റർ ഹർഡിൽസ്), മുഹമ്മദ് അനസ്, കുഞ്ഞുമുഹമ്മദ്, ജിത്തുബേബി, ജീവൻ കെ.എസ്, അലക്സ് (4 x 400 മീറ്റർ റിലേ), പി.യു. ചിത്ര (1500 മീറ്റർ), ജിസ്ന മാത്യൂ വിസ്മയ വി.കെ. (4 x 400 മീറ്റർ റിലേ) എന്നിവരാണ് മലയാളി താരങ്ങൾ.